12-12-2021

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 12/12/2021

1. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAM പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 – നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

2. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജനുവരി ആദ്യ വാരത്തിൽ **എള്ള് കർഷക സംഗമം** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരഭൂമികളിലോ നെൽകൃഷിയിടങ്ങളിലോ ഇടവിളയായോ, പരമ്പരാഗതമായോ എള്ള് കൃഷി ചെയ്തു വരുന്ന എറണാകുളം ജില്ലയിലെ കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് എള്ള് കൃഷി മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം ജില്ലയിൽ ഉൽപാദിപ്പിക്കുന്ന എള്ള് കേന്ദ്രീകൃതമായി സംഭരിച്ചു മൂല്യ വർദ്ധനം നടത്തി ബ്രാൻഡ് ചെയ്തു വിപണനം നടത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുക എന്നതാണ് ലക്ഷ്യം. കൂട്ടായ്മയുടെ ഭാഗമാകുവാൻ താല്പര്യമുള്ള കർഷകർ **8281757450** എന്ന നമ്പറിൽ പ്രവർത്തിദിനങ്ങളിൽ 10 നും 4 നും ഇടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. സപ്ലൈകോയുടെ 2021-22 ഒന്നാം വിള സീസൺ നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ ഈ മാസം 13 മുതൽ 18 വരെ (ഡിസംബർ 13 മുതൽ 18 വരെ) സപ്ലൈകോയുടെ വെബ്സൈറ്റായ www.supplycopaddy.in എന്ന സൈറ്റിലൂടെ ചെയ്യാവുന്നതാണെന്ന് ആലപ്പുഴ പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്കുണ്ട്. കുഞ്ഞൊന്നിന് 160 രൂപയാണ് വില. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. റബ്ബർതോട്ടമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി റബ്ബർബോർഡ് നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്ക് അപേക്ഷ നൽകാം. തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസധനസഹായം പതിനൊന്നാം ക്ലാസ്സു മുതലുള്ള കുട്ടികൾക്കാണ് നൽകുന്നത്. ബിരുദതലം മുതലുള്ളവർ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ലഭിച്ചശേഷം നാലുമാസത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം. ഭവനരഹിതരായ തൊഴിലാളികൾക്ക് സ്വന്തം സ്ഥലത്ത് വീടുപണിയുന്നതിന് ധനസഹായം ലഭിക്കും. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ചികിത്സാച്ചെലവിന്റെ ഒരു നിശ്ചിതതുകയും ധനസഹായമായി നൽകും. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകളായ ടാപ്പർമാരുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിനും ബോർഡ് ധനസഹായം നൽകും. അതോടൊപ്പം സ്ത്രീടാപ്പർമാർക്ക് പ്രസവച്ചെലവുകൾക്ക് നിശ്ചിതതുക സഹായധനമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലോ 0481 2576622 എന്ന കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13 മുതൽ 18 വരെ (ഡിസംബർ 13 മുതൽ 18) **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 15, 16 (ഡിസംബർ 15,16) തീയതികളിൽ **കേക്ക്, വൈൻ നിർമ്മാണം**, 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ പേര്, മൊബൈൽ നമ്പർ, പരിശീലന വിഷയം എന്നിവ **8848420984** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശമായോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് കത്ത് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8848420984, 9495118208** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

9. പപ്പായയിൽ മീലിമുട്ടയെ നിയന്ത്രിക്കുന്നതിനായി **അസിരോഫാഗസ്** എന്ന മിത്രപ്രാണിയെ ശാസ്ത്രീയമായി ഉപയോഗിക്കാം. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബിസിസിപി വിഭാഗത്തിൽ ഇതിന്റെ വംശവർദ്ധനവ് ചെയ്തുകൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **0487-2438471** എന്ന നമ്പരിൽ ബന്ധപ്പെടുക.

.